ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

**DATE: 01.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. രാജ്യത്തെ ജനങ്ങൾക്ക് മഹാനവമി ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

**Grand Celebrations Across India for Navratri; PM Narendra Modi Extends Maha Navami Wishes to the Nation.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. തിന്മയ്ക്കുമേൽ നന്മയും അനീതിക്ക് മേൽ നീതിയും അസത്യത്തിനു മേൽ സത്യവും വിജയിച്ചതിന്റെ പ്രതീകമാണ് വിജയ ദശമിയെന്ന് പ്രധാനമന്ത്രി.

**PM Modi Attends RSS Centenary Celebrations in Delhi; Vijayadashami Symbolises the Triumph of Good Over Evil, Justice Over Injustice, and Truth Over Falsehood, says PM Modi.**

3. തുടർച്ചയായ രണ്ടാം തവണയും റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തി റിസർവ് ബാങ്ക്.

**RBI Keeps Repo Rate Unchanged at 5.5% for Second Consecutive Time.**

4. പ്രതിരോധ മേഖലയിൽ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമാണുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh Emphasises Importance of Tech-Driven R&D in Defence Sector.**

5. വയോജനങ്ങളുടെ ക്ഷേമവും അവകാശങ്ങളും എന്ന പ്രമേയവുമായി ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. തിരുവനന്തപുരത്ത് വയോജന സൗഹൃദ സാംസ്കാരിക ഇടനാഴിയും വയോജന സഹായ കേന്ദ്രവും ആരംഭിക്കും.

**International Day of Older Persons Marked Today with Theme of Welfare and Rights; Senior-Friendly Cultural Hub and Support Centre to Open in Thiruvananthapuram.**

6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലന്റിനെ നേരിടും.

**Australia to Face New Zealand Today in ICC Women's ODI World Cup.**

&&&&&&&&&&&&&&&&&&

## HEADLINE-1

**NAVARATHRI**

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. മഹാനവമി ദിനമായ ഇന്ന് ക്ഷേത്രങ്ങളിൽ വൻ ഭക്തജന തിരക്കാണ് അനുഭപ്പെടുന്നത്. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളായ കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര, ആറ്റുകാൽ, പൂജപ്പുര സരസ്വതി മണ്ഡപം എന്നിവിടങ്ങളിലും പ്രത്യേക പൂജകൾ നടന്നു. വിജയദശമി ദിനമായ നാളെ പൂജയെടുപ്പിന് ശേഷം വിദ്യാരംഭ ചടങ്ങുകൾ നടക്കും. ആദ്യാക്ഷരം കുറിക്കാനുള്ള തയ്യാറെടുപ്പിലാണ് കുരുന്നുകൾ. ദക്ഷിണ കർണാടകയിലെ പ്രസിദ്ധമായ കൊല്ലൂർ

മൂകാംബികാ ക്ഷേത്രത്തിൽ ഇന്ന് രഥോത്സവം നടക്കും. നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി നിരവധി ഭക്തരാണ് ഇത്തവണ കൊല്ലൂരിൽ എത്തിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

**PM-MAHANAVMI**

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങൾക്ക് മഹാനവമി ആശംസകൾ നേർന്നു. നവരാത്രി എല്ലാവരുടെയും ജീവിതത്തിൽ ഭാഗ്യവും സമൃദ്ധിയും വിജയവും കൊണ്ടുവരട്ടെയെന്ന് പ്രധാനമന്ത്രി ആശംസിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**RBI-MONETARY POLICY(INTRO)**

*രാജ്യത്തെ പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക്. തുടർച്ചയായ രണ്ടാം തവണയും റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. പുതിയ പണനയം പ്രഖ്യാപിക്കുകയായിരുന്നു അദ്ദേഹം. റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്താൻ പണനയ സമിതി ഏകകണ്ഠമായി തീരുമാനിച്ചതായും ആർബിഐ ഗവർണർ പറഞ്ഞു.*

*( വോയിസ് )*

*ഈ സാമ്പത്തിക വർഷത്തിലെ പണപ്പെരുപ്പം 2.6 ശതമാനമായിരിക്കുമെന്നു പ്രതീക്ഷിക്കുന്നതായും ആർബിഐ അറിയിച്ചു. നടപ്പ് സാമ്പത്തിക വർഷത്തെ ജി.ഡി.പി അനുമാനം 6.8 ശതമാനമായി പരിഷ്കരിച്ചു.*

&&&&&&&&&&&&&&&&&&

**INDIA-TEPA**

ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര സാമ്പത്തിക സഹകരണ കരാർ ഇന്നുമുതൽ പ്രാബല്യത്തിൽ. കഴിഞ്ഞ വർഷമാണ് കരാർ ഒപ്പുവച്ചത്. ഇന്ത്യയുടെ കയറ്റുമതി, നിക്ഷേപം എന്നിവ വർധിപ്പിക്കാൻ കരാർ സഹായകമാകുമെന്നാണ് വിലയിരുത്തൽ.

&&&&&&&&&&&&&&&&&&

## HEADLINE-4

### DEFENCE ACCOUNTS- ANNUAL DAY

രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ന്യൂഡൽഹിയിൽ പ്രതിരോധ അക്കൗണ്ട്സ് വകുപ്പിന്റെ വാർഷിക ദിനാഘോഷത്തിൽ പങ്കെടുത്തു. പ്രതിരോധ മേഖലയിൽ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള സമയമാണിതെന്ന് രാജ്യരക്ഷാ മന്ത്രി പറഞ്ഞു. സാമ്പത്തിക കാര്യങ്ങളും സൈനിക ശക്തിയും പ്രതിരോധ അക്കൗണ്ട്സ് വകുപ്പ് മികച്ച രീതിയിലാണ് കൈകാര്യം ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

### INDIA-UZBEKISTAN

ഭീകരവിരുദ്ധ കാര്യങ്ങളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് ഇന്ത്യയും ഉസ്ബെക്കിസ്ഥാനും ചർച്ച നടത്തി. താഷ്കന്റിൽ നടന്ന ഇന്ത്യ-ഉസ്ബെക്കിസ്ഥാൻ സംയുക്ത പ്രവർത്തക സമിതിയുടെ ഒമ്പതാമത് ഭീകരവാദ വിരുദ്ധ യോഗത്തിൽ, തീവ്രവാദ ഗ്രൂപ്പുകൾ ഉയർത്തുന്ന ഭീഷണികൾ വിശകലനം ചെയ്തു. യോഗത്തിൽ, പഹൽഗാമിലെ ഭീകരാക്രമണത്തെ ഉസ്ബെക്കിസ്ഥാൻ അപലപിച്ചു.

&&&&&&&&&&&&&&&&&&

### BLOOD DONATION-SREE CHITHRA

ഈ വർഷത്തെ ദേശീയ സന്നദ്ധ രക്തദാന ദിനാചരണത്തിന്റെ സംസ്ഥാനതല പരിപാടി തിരുവനന്തപുരത്ത് നടന്നു. ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ നടന്ന പരിപാടിയിൽ സന്നദ്ധ രക്ത ദാദാക്കളെ ആദരിച്ചു. ജില്ലാ കളക്ടർ അനു

കുമാരി മുഖ്യാതിഥിയായി. രക്തദാനം സംബന്ധിച്ച് ബോധവത്കരണം ആവശ്യമാണെന്നും എല്ലാവരും രക്ത ദാനത്തിനും അവയവ ദാനത്തിനും സന്നദ്ധരാകണമെന്നും ജില്ലാ കളക്ടർ പറഞ്ഞു.

&&&&&&&&&&&&&&&&&

**FIT INDIA FREEDOMN RUN**

ഫിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ ഭാഗമായി ഗാന്ധിജയന്തി ദിനമായ നാളെ തിരുവനന്തപുരത്ത് ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0, സംഘടിപ്പിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. കവടിയാർ സ്ക്വയറിൽ നിന്ന് രാവിലെ 6:30 ന് ആരംഭിക്കുന്ന ഫ്രീഡം റൺ സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിക്കും.

&&&&&&&&&&&&&&&&&

## HEADLINE-5

**INTERNATIONAL DAY OLDER PERSONS**

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. പ്രാദേശികവും ആഗോളവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വയോജനങ്ങൾ: നമ്മുടെ അഭിലാഷങ്ങൾ, നമ്മുടെ ക്ഷേമം, നമ്മുടെ അവകാശങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തോട് അനുബന്ധിച്ച് കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ, മാനവീയം വീഥിയിൽ വയോജന സൗഹൃദ സാംസ്കാരിക ഇടനാഴിയും നായനാർ പാർക്കിൽ വയോജന സഹായ കേന്ദ്രവും ആരംഭിക്കും.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&

## HEADLINE-2

**PM- RSS CENTENARY CELEBRATIONS**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്തു. ആർ എസ് എസ് ശതാബ്ദി സ്മാരക തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി. ആർ.എസ്.എസിന്റെ പ്രവർത്തനം രാഷ്ട്രനിർമ്മാണം ലക്ഷ്യമിട്ടുള്ളതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. നാളെ രാജ്യമെമ്പാടും വിജയദശമി ആഘോഷിക്കുകയാണ്; തിന്മയ്ക്കുമേൽ നന്മയും അനീതിക്ക് മേൽ നീതിയും അസത്യത്തിനു മേൽ സത്യവും വിജയിച്ചതിന്റെ പ്രതീകമാണ് ഈ ഉത്സവമെന്ന് ശ്രീ. മോദി പറഞ്ഞു.

&&&&&&&&&&&&&&&&&

**RSS SADABDHI (INTRO)**

***ശതാബ്ദിയോടനുബന്ധിച്ച് ആർ എസ് എസിന്റെ ഭാവി പ്രവർത്തനങ്ങളും പരിപാടികളും മുതിർന്ന പ്രചാരകൻ എസ് സേതുമാധവൻ ആകാശവാണി വാർത്തകളോട് പങ്കുവെച്ചു.***

***(വോയിസ് - ബൈറ്റ്)***

&&&&&&&&&&&&&&&&&

**SEVA PARV - GLOBAL PARTNERSHIPS( INTRO)**

***പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, ആഗോള രാജ്യങ്ങളുമായുള്ള പങ്കാളിത്തം ശക്തിപ്പെടുത്തിയതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.***

***( വോയിസ്....)***

***ഇന്ന് ഇന്ത്യയുടെ ആഗോള ഇടപെടൽ അഭൂതപൂർവമായ തലങ്ങളിലെത്തി നിൽക്കുകയാണ്. ഗ്ലോബൽ സൗത്തുമായുള്ള ഇന്ത്യയുടെ ഇടപെടൽ, വികസ്വര രാഷ്ട്രങ്ങൾക്ക് പ്രാധാന്യമുള്ള ബഹുധ്രുവ ലോകത്തോടുള്ള ഇന്ത്യയുടെ പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്നു. ആഫ്രിക്കൻ യൂണിയനെ ജി 20 യിൽ***

***ഉൾപ്പെടുത്താനുള്ള ഇന്ത്യയുടെ ശ്രമം, കോവിഡ്-19 മഹാമാരിയുടെ സമയത്ത് ഇന്ത്യയുടെ വാക്സിൻ മൈത്രി ശ്രമങ്ങൾ എന്നിവ ഇതിനു തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു...***
***( പി.എം. വോയിസ്....)***
***ബ്രിക്സ്, ക്വാഡ്, എസ്‌സിഒ തുടങ്ങിയ കൂട്ടായ്മകളിലെ ഇന്ത്യയുടെ ഇടപെടൽ സന്തുലിത പ്രവർത്തന രീതിയെയാണ് പ്രതിഫലിപ്പിക്കുന്നത്. പ്രധാനമന്ത്രിയുടെ നിരവധി അന്താരാഷ്ട്ര സന്ദർശനങ്ങൾ ഇന്ത്യയെ ആഗോളതലത്തിൽ മുൻപന്തിയിലേക്ക് നയിച്ചു.***
***( മ്യൂസിക്....)***

&&&&&&&&&&&&&&&&&&

## HEADLINE-6

**WORLD WOMEN CRICKET**

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലന്റിനെ നേരിടും. ഇൻഡോർ ഹോൾക്കർ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം മൂന്ന് മണിക്കാണ് മത്സരം.

&&&&&&&&&&&&&&&&&&

**GST REFORMS-EDUCATION ITEMS**

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണെന്ന് കേന്ദ്രസർക്കാർ. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള സ്റ്റേഷണറി ഇനങ്ങളുടെ GST നിരക്കുകൾ കുറച്ചത് വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും വളരെ സഹായകരമായി. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, പെൻസിലുകൾ ഉൾപ്പെടെയുള്ള സാധനങ്ങളെ 12 ശതമാനം സ്ലാബിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**TN - BUILDING COLLAPSE**

തമിഴ്നാട്ടിൽ പൊന്നേരിയ്ക്ക് സമീപം നിർമ്മാണത്തിലിരുന്ന കമാനം തകർന്ന് 9 തൊഴിലാളികൾ മരിച്ചു. അസ്സമിൽ നിന്നുള്ള തൊഴിലാളികളാണ് മരിച്ചത്. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് മരിച്ചവരുടെ ആശ്രിതർക്ക് 2 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും നഷ്ട

പരിഹാരം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടംബത്തിന് തമിഴ്നാട് സർക്കാർ 10 ലക്ഷം രൂപയും നൽകും.

&&&&&&&&&&&&&&&&&&

## IDUKKI - DRAINAGE TANK ACCIDENT

ഇടുക്കി കട്ടപ്പനയിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മൂന്ന് തൊഴിലാളികൾ മരിച്ചു. തമിഴ്നാട് കമ്പം സ്വദേശി ജയറാം, ഗൂഡല്ലൂർ സ്വദേശി സെൽവം എന്നിവരും സുഹൃത്തുമാണ് മരിച്ചത്.

&&&&&&&&&&&&&&&&&&

## NCC - DG

എൻസിസി ഡയറക്ടർ ജനറലായി, ലെഫ്റ്റനന്റ് ജനറൽ വീരേന്ദ്ര വാട്സ് ചുമതലയേറ്റു. 1988 -ൽ കരസേനയുടെ 19 കുമയോൺ റെജിമെന്റിൽ കമ്മീഷൻഡ് ഓഫീസറായി സേനയുടെ ഭാഗമായ അദ്ദേഹം വെല്ലിംഗ്ടണിലെ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ കമാൻഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ലെഫ്റ്റനന്റ് ജനറൽ ഗുർബിർപാൽ സിങ്ങിന്റെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേറ്റത്.

&&&&&&&&&&&&&&&&&&

## IMD-WEATHER

വടക്കുകിഴക്കൻ ഇന്ത്യ, ഛത്തീസ്ഗഢ്, ആന്ധ്രാപ്രദേശ്, ഒഡീഷ, ഗുജറാത്ത് എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ബീഹാർ, ഉത്തർപ്രദേശ്, ജാർഖണ്ഡ്, തെലങ്കാന, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലും ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. ഞായറാഴ്ച വരെ അറബിക്കടലിലും ബംഗാൾ ഉൾക്കടലിലും മത്സ്യബന്ധനം വിലക്കി.

&&&&&&&&&&&&&&&&&&

## J K-TRAINS RESUME

ഉത്സവ സീസണിന് മുന്നോടിയായി ജമ്മുവിൽനിന്നും, നിറുത്തിവെച്ചിരുന്ന 16 ദീർഘദൂര ട്രെയിൻ സർവീസുകൾ നാളെ മുതൽ പുനരാരംഭിക്കുമെന്ന്

ഉത്തര റെയിൽവേ അറിയിച്ചു. ഈ മാസം 8 വരെയായിരിക്കും സർവീസുകൾ. ഈ വർഷം ഓഗസ്റ്റിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ പ്രധാന റൂട്ടുകൾ തടസ്സപ്പെട്ടതിനെത്തുടർന്നാണ് ട്രെയിൻ സർവീസുകൾ നിർത്തിവച്ചിരുന്നത്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&